**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** — **14-03-2022 - ൽ മറുപടിയ്ക്ക്**

**ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട്(OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ ലോക ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് കെ.എസ്.ടി.പി മുഖാന്തിരം സംസ്ഥാനത്തെ കോർ റോഡുകളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ മേൽനോട്ട ചുമതല നിരത്ത് പരിപാലന വിഭാഗത്തിനാണ്. 7 വർഷമാണ് കരാർ കാലാവധി. ഈ പദ്ധതിയിൽ 5 പാക്കേജുകൾക്കായി 223.15 കോടി രൂപയുടെ ഭരണാനുമതി 2020 ൽ നൽകിയിട്ടുണ്ട്. ആയത് പുതുക്കി, 443.71 കി.മീ. റോഡ് പ്രവൃത്തിയ്ക്കായി 343.46 കോടി രൂപ 2022 – ൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാക്കേജുകളിലെ റോഡുകൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നു പോകുന്നു. ഇതിൽ രണ്ടു പാക്കേജുകളിലെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. രണ്ടു പാക്കേജുകൾ ടെണ്ടർ ഘട്ടത്തിലും ഒരെണ്ണം സാങ്കേതികാനുമതി ഘട്ടത്തിലുമാണ്. |
| (ബി) | പ്രസ്തുത സംവിധാനത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള റോഡുകളാണ് പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത സംവിധാനത്തിലൂടെ റോഡുകളൊന്നും തന്നെ പുനർ നിർമ്മിക്കുന്നില്ല. |
| (സി) | ഈ സംവിധാനത്തിലൂടെ ടെൻഡർ നടപടി പൂർത്തീകരിക്കുന്ന റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നിശ്ചിത കാലത്തേക്ക് കരാറുകാർ തന്നെ നടപ്പിലാക്കുമോ; വിശദമാക്കുമോ; | (സി) | ഈ സംവിധാനത്തിലൂടെ ടെണ്ടർ പൂർത്തീകരിക്കുന്ന റോഡുകളുടെ അറ്റകുറ്റപണികൾ ഏഴ് വർഷക്കാലത്തേയ്ക്ക് കരാറുകാരൻ തന്നെ നടപ്പിലാക്കി റോഡുകൾ സഞ്ചാരയോഗ്യമാക്കി നിലനിർത്തേണ്ടതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം സംവിധാനത്തിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് പ്രതികൂല കാലാവസ്ഥ മൂലമോ പ്രകൃതി ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്ത കമ്പനിക്ക് ഉത്തരവാദിത്തമുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇത്തരം സംവിധാനത്തിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് പ്രതികൂല കാലാവസ്ഥ മൂലമോ പ്രകൃതി ദുരന്തങ്ങൾ മൂലമോ നാശനഷ്ടങ്ങൾ സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്ത കമ്പനിക്ക് ഉത്തരവാദിത്വം ഉണ്ട്. അപ്രകാരമുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തുകയുടെ 10% തുക എമർജൻസി പ്രവൃത്തികൾക്കായി വകയിരുത്തി മാറ്റിവെച്ചിട്ടുണ്ട്. കരാറിലെ എമർജൻസി പ്രവൃത്തികൾക്കുവേണ്ടിയുള്ള Specification – ൽ പ്രതിപാദിച്ചിട്ടുള്ള പരിധിയിൽ വരുന്ന അറ്റകുറ്റപ്പണികൾക്കുവേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ